TUESDAY 16-08-2022 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**


Chief Editor : Suraj S

Editor : Dr Saritha Vijayan K

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-16/08/2022.

1. സംസ്ഥാന കർഷക ദിനാഘോഷത്തിന്റെയും കൃഷിമന്ത്രി കർഷകരെ നേരിട്ട് കാണാൻ ബ്ലോക്ക് തലം കേന്ദ്രീകരിച്ച് കൃഷിഭൂമിയിൽ എത്തുന്ന **കൃഷിദർശൻ** പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനവും കർഷക അവാർഡ് വിതരണത്തിന്റെയും ഒരു ലക്ഷം കാർഷിക പ്രവർത്തനങ്ങളുടെ പ്രഖ്യാപനവും ആഗസ്റ്റ് 17-ന് തിരുവനന്തപുരം നിശാഗന്ധി ആഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് ചടങ്ങിന് അദ്ധ്യക്ഷത വഹിക്കും.

2. പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകദിനാചരണം ഈ മാസം 17-ന് (ആഗസ്റ്റ് 17) രാവിലെ 9 മണിക്ക് ചന്ദ്രവേലിപ്പടി പോസ്റ്റ് ഓഫീസിനു സമീപത്തുനിന്നും വിളംബരഘോഷയാത്രയോടുകൂടി ആരംഭിച്ച് കശുവണ്ടി ഫാക്ടറിക്കു സമീപമുള്ള സമ്മിശ്രപഴത്തോട്ടത്തിൽ വച്ച് നടത്തുന്നു. ഇതിന്റെ ഉദ്ഘാടനം കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിർവഹിക്കും.

3. കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്കിനു കീഴിൽ പ്രവർത്തിക്കുന്നതും കർഷകർക്ക് വിവിധങ്ങളായ കൃഷിപ്പണികൾ ചെയ്തു നൽകുന്നതുമായ അഗ്രോസർവ്വീസ് സെന്ററിലേക്ക് കൃഷിപ്പണികൾ അറിയുന്ന 18-നും 50-നും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ട്രാക്ടർ പ്രവർത്തിപ്പിക്കാൻ അറിയുന്നവർക്ക് മുൻഗണന ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495476141** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. തിരുവനന്തപുരം പാളയം സാഫല്യം കോംപ്ലക്സിലെ സിറ്റി കോർപ്പറേഷൻ കൃഷിഭവനിൽ WCT തെങ്ങിൻ തൈകൾ വിതരണത്തിനായി എത്തിയിട്ടുണ്ട്. തെങ്ങിൻ തൈ ഒന്നിന് അമ്പത് (50) രൂപയാണ് വില. ആവശ്യമുള്ളവർ കൃഷിഭവനിൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങണമെന്ന് കൃഷിഫീൽഡ് ഓഫീസർ അറിയിക്കുന്നു.

**5.** ആലപ്പുഴ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും രണ്ട് (2) മാസം പ്രായമുള്ള കരിങ്കോഴി, ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ **0479-2959268, 2449268, 9447790268**

എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

6. തിരുവനന്തപുരം ജില്ലയിലെ ആനാട് കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകദിനാചരണം ഈ മാസം 17-ന് (ആഗസ്റ്റ് 17) രാവിലെ 10 മണിക്ക് ആനാട് ജംഗ്ഷനിൽ ഒരുക്കുന്ന കൃഷിനിറ കാർഷിക കലവറ വേദിയിൽ എം.എൽ.എ. ഡി.കെ. മുരളി ഉദ്ഘാടനം നിർവഹിക്കും.

7. കോട്ടയം മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പിട കോഴിക്കുഞ്ഞുങ്ങളെ ഇരുപത്തിരണ്ടു (22/-) രൂപ നിരക്കിലും പൂവൻ കുഞ്ഞുങ്ങളെ പത്തു (10/-) രൂപ നിരക്കിലും വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി **0481-2373710, 8301897710** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

8. കാർഷിക സർവകലാശാല, ഹൈടെക്ക് റിസേർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ്, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വെച്ച് **ആഗസ്റ്റ് 23 മുതൽ 25 വരെ അക്വാപോണിക്സ് കൃഷിരീതിയിൽ** പരിശീലനം നടത്തുന്നു. വിവിധ തരം അക്വാപോണിക്സ് സിസ്റ്റം-രൂപകൽപ്പനകൾ, നിർമ്മാണം, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗും, നിയന്ത്രണ മാർഗങ്ങളും, വളപ്രയോഗ മാർഗങ്ങൾ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും **0487-2960079, 9037033547** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (DRC) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് ആഗസ്റ്റ് 17 മുതൽ 19 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127, 7306464582** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

10. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 24-ന് (ആഗസ്റ്റ് 24) **മഴക്കാല പച്ചക്കറികൃഷി** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 – 2966041** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

11. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ വികസന പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ഈ **മാസം 19 മുതൽ 30** (ആഗസ്റ്റ് 10 മുതൽ 30) വരെയുള്ള തീയതികളിൽ **ക്ഷീരോത്പന്ന നിർമ്മാണ**ത്തിൽ പത്ത് ദിവസത്തെ ക്ലാസ്സ് റൂം പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ, ആലപ്പുഴ, കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീര വികസന ഓഫീസർമാർ മുഖാന്തിരമോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. താൽപര്യമുള്ളവർ ഈ മാസം 17-ന് (ആഗസ്റ്റ് 17) വൈകിട്ട് അഞ്ച് മണിക്ക് മുമ്പായി **8075028868, 9947775978, 0476-2698550** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിനെത്തുന്നവർ ആധാർ കാർഡ്, കോവിഡ് വാക്സിനേറ്റഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

12. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഈ മാസം 19-ന് (ആഗസ്റ്റ് 19) രാവിലെ 10 മണി മുതൽ 4 മണി വരെ **ആട് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491-2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.